# ‘ദൈവത്തെ സ്നേഹിക്കുക’

## സങ്കീർത്തനങ്ങൾ 18:01–02

“എന്റെ ബലമായ യഹോവേ, അങ്ങയെ ഞാൻ സ്നേഹിക്കുന്നു. യഹോവ എന്റെ ശൈലവും, എന്റെ കോട്ടയും, എന്റെ രക്ഷകനും, എന്റെ ദൈവവും, എന്റെ അഭയമായ പാറയും ആകുന്നു. അവിടുന്ന് എന്റെ പരിചയും എന്റെ രക്ഷയുടെ കൊമ്പും എന്റെ അഭയസ്ഥാനവും തന്നേ.”

ദൈവത്തെ എപ്രകാരം ആരാധിക്കേണമെന്നു നമുക്ക് വരച്ചുകാട്ടി തരുന്ന ഒരു നല്ല വചനഭാഗമാണിത്. ഈ ദൈവം ഇന്നു എനിക്ക് ആരാണെന്നുള്ള ഒരു തിരിച്ചറിവിലേക്ക് കടക്കുവാൻ ഉതകുന്നതായ ഈ വചനം ആരംഭിക്കുന്നതു തന്നെ അവനോടുള്ള സ്നേഹത്തെ വിളിച്ചോതിക്കൊണ്ടാണ് - “എന്റെ ബലമായ യഹോവേ, അങ്ങയെ ഞാൻ സ്നേഹിക്കുന്നു.” ഇന്ന് ഈ ബലവാനായവന്റെ ബലം ധരിച്ചുകൊണ്ടാണ് നാം ഓരോരുത്തരും ഈ ഭൂവിൽ ആയിരിക്കുന്നത് എന്നുള്ള കാര്യം മറന്നു പോകരുത്. അവൻ നമ്മെ സ്നേഹിച്ചതു കൊണ്ടാണ് നമുക്കിന്ന് ബലത്തോടെ നിൽക്കാൻ സാധിക്കുന്നത് എന്നുള്ളതും അവിസ്മരണീയമാണ്. ഇതൊക്കെയാണെങ്കിലും ഈ നല്ലവനായ ദൈവത്തോട് നാം അനുനിമിഷം പറയാറുണ്ടോ, എന്റെ ബലമായ ദൈവമേ ഞാൻ നിന്നെ സ്നേഹിക്കുന്നു എന്ന്.

നമുക്കറിയാം, ദാവീദിന്റെ ജീവിതത്തിൽ ശത്രുപക്ഷം അവനെ കീഴ്പ്പെടുത്തി കൊന്നു കളയാനുള്ള പദ്ധതികൾ വരെ മെനഞ്ഞെടുത്തു, എന്നാൽ അതിൽ നിന്നെല്ലാം ദൈവം അവനെ അത്ഭുതകരമായി രക്ഷിച്ചു. ആ ഒരു സാഹചര്യത്തിൽ അവൻ സ്മരിക്കുകയാണ്, ഈ ദൈവം എന്റെ ശൈലവും, എന്റെ കോട്ടയും, എന്റെ രക്ഷകനും, എന്റെ ദൈവവും, എന്റെ അഭയമായ പാറയും ആകുന്നു എന്ന്. അപ്രകാരം ദാവീദിനെ വഴി നടത്തിയ ദൈവം ഇന്നു നമ്മെയും അത്ഭുതകരമായി വഴി നടത്തുമ്പോൾ നമുക്കും ഇപ്രകാരം അവനെ സാക്ഷീകരിക്കുവാൻ സാധിക്കണം. അവന്റെ മക്കളാരും അവനെതിരായി നിൽക്കുന്നവരാകുവാൻ അവനൊരിക്കലും താത്പര്യമില്ല. നമ്മുടെ മക്കളാരെങ്കിലും നമ്മോട് എതിർത്തു പറഞ്ഞാലോ പ്രവർത്തിച്ചാലോ നമുക്ക് എപ്രകാരം വിഷമമാകുമോ അതു പോലെ തന്നെയാണ് ദൈവത്തിന് അവന്റെ മക്കൾ അവനെ സ്നേഹിക്കാതെയും അവനിൽ ആശ്രയിക്കാതെയും മാറി നിൽക്കുമ്പോൾ വിഷമമുണ്ടാകുന്നത്. കാരണം അവൻ സ്നേഹവാനായ ദൈവമാണ്.

ഇന്ന് നമ്മുടെ ജീവിതത്തിൽ നീട്ടപ്പെട്ടു കിട്ടിയിരിക്കുന്ന ഈ ദിവസത്തിൽ ഒന്നോർത്തു കൊള്ളുക, ഈ നിമിഷം നിനക്കവൻ അനുവദിച്ചു തന്നിട്ടുണ്ടെങ്കിൽ അത് നീ അവനെ സ്നേഹിക്കുവാനും അവനുവേണ്ടി നിൽക്കുന്നതിനുമായിട്ടാണ്. അപ്രകാരം നമ്മുടെ ജീവിതത്തെ നമുക്ക് ക്രമീകരിക്കാം. ഈ ബലമായ ദൈവത്തെ ഞാൻ വ്യക്തിപരമായി സ്വീകരിക്കുകയും അവനെ സ്നേഹിക്കുകയും ചെയ്യും എന്ന് ജീവിതത്തിൽ ഉറെയ്ക്കാം. അതിനായി ദൈവത്തിന്റെ അതിപരിശുദ്ധറൂഹാ നമ്മെ സഹായിക്കുമാറാകട്ടെ.

പരാമർശം :

സങ്കീർത്തനങ്ങൾ 111:2-4

**“യഹോവയുടെ പ്രവൃത്തികൾ വലിയവയും അവയിൽ ഇഷ്ടമുള്ളവരൊക്കെയും ശോധന ചെയ്യേണ്ടിയവയും ആകുന്നു. അവന്റെ പ്രവൃത്തി മഹത്വവും തേജസ്സും ഉള്ളതു; അവന്റെ നീതി എന്നേക്കും നിലനിൽക്കുന്നു. അവൻ തന്റെ അത്ഭുതങ്ങൾക്കു ഒരു ജ്ഞാപകമുണ്ടാക്കിയിരിക്കുന്നു; യഹോവ കൃപയും കരുണയും ഉള്ളവൻ തന്നേ.”**

**ബ്രദർ ബിനു ബേബി ആലപ്പുഴ 097**